അനാഥാലയങ്ങൾ

* 24 [836] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക എത്ര അനാഥാലയങ്ങൾ ഉണ്ട്;

(ബി) സർക്കാർ വക അനാഥാലയങ്ങളിലെ കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടികളെ ദത്തെടുക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സർക്കാരിന്റെ അധീനതയിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 125 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. അന്തേവാസികളുടെ മാനസിക ശാരീരിക ഉല്ലാസത്തിനായി കലാകായിക മേളകൾ നടത്താനും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ധനസഹായം നൽകുന്നു.

(ഡി) കുട്ടികളെ ദത്തെടുക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 14 ഏജൻസികൾ പ്രവർത്തിക്കുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാമ്പത്തിക വിദഗ്ദ്ധരായ ബിബേക് സെബ്രോയ്, ലവീഷ് ഭണ്ഡാരി എന്നിവരുടെ സംസ്ഥാന സന്ദർശനം

1 [4848] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വിദഗ്ദ്ധരായ ബിബേക് സെബ്രോയ്, ലവീഷ് ഭണ്ഡാരി എന്നിവർ കിൻഫ്രയുടെ അതിഥികളായി എത്ര ദിവസം 2003 ജൂൺ മാസത്തിൽ സംസ്ഥാനത്ത് താമസിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly